"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -ഗവൺമെന്റ് കോളേജ് അദ്ധ്യാപകർ -ഹിന്ദി വിഭാഗം അധ്യാപകരായ ഡോ.ലക്ഷ്മി മോഹൻ, ഡോ.ലാലിമോൾ വർഗീസ് എന്നിവർക്ക് സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ എ4/24627/2023/കോ.വി.വ    തീയതി:27/07/2023

പരാമർശം:1.12.07.2023 തീയതിയിലെ എ4/24627/2023/കോ.വി.വ നമ്പർ നടപടിക്രമം

2.ഹിന്ദി വിഭാഗം അധ്യാപകരുടെ അപേക്ഷ

### ഉത്തരവ്

സർക്കാർ കോളേജുകളിലെ ഹിന്ദി വിഭാഗം അദ്ധ്യാപകരുടെ 2023-2024 ലെ പൊതു സ്ഥലം മാറ്റ ഉത്തരവ് പരാമർശം(1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. തൃപ്പൂണിത്തറ ഗവൺമെന്റ് കോളേജിലെ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ.ലക്ഷ്മി മോഹൻ ടി ഉത്തരവിന് ശേഷം നിലവിൽ ഓപ്പൺ വേക്കൻസി ഉള്ള തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിലേക്ക് സ്ഥലമാറ്റം നൽകണമെന്ന് പരാമർശം(2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. മേൽ അപേക്ഷ പരിഗണിച്ച് ടിയാരിയെ തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിലെ നിലവിലെ ഒഴിവിലേക്ക് സ്ഥലം മാറ്റി നിയമിച്ച കൊണ്ടും, ടിയാരിക്ക് സ്ഥലമാറ്റം അനുവദിക്കുമ്പോൾ ഉണ്ടാകുന്ന തൃപ്പൂണിത്തറ ഗവൺമെന്റ് കോളേജിലെ ഒഴിവിലേക്ക് പൊതു സ്ഥലമാറ്റത്തിൽ ടി കോളേജിലേക്ക് സ്ഥലമാറ്റത്തിന് അപേക്ഷിച്ചിരുന്ന RGM ഗവൺമെന്റ് ആർട് സ് & സയൻസ് കോളേജിലെ ഡോ.ലാലിമോൾ വർഗീസിനെ സ്ഥലം മാറ്റി നിയമിച്ച കൊണ്ടും ഉത്തരവാകുന്നു.

(ഒപ്പ്)

സുധീർ കെ I A S

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

4.എ / ബി സെക്ഷൻ സൂപ്രണ്ട്

5.അക്കൗണ്ടന്റ് ജനറൽ എ &ഇ എസ് .എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം

6.കരുതൽ ഫയൽ /ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്